# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5716** — **05.07.2013 ന് മറുപടിയ്ക്ക്**

## റവന്യൂ വകുപ്പിലെ അപേക്ഷകളും രസീതുകളും ലളിതവൽക്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വർക്കല കഹാർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിലെ വിവിധ തരം അപേക്ഷകൾ, രസീതുകൾ എന്നിവ ലളിതവത്ക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്; റവന്യൂ വകുപ്പിലെ വില്ലേജ്/താലൂക്ക് ഓഫീസുകൾ വഴി നൽകി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആക്കി മാറ്റിയതിന്റെ ഭാഗമായി അപേക്ഷാ ഫാറങ്ങളും കൈപ്പറ്റ് രസീതും ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ഫാം ആക്കി മാറ്റിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഡിജിറ്റൈസ് ചെയ്ത ഓൺലൈൻ ഫാം നിലവിൽ വന്നതോടെ സംസ്ഥാനത്തൊട്ടാകെ സർട്ടിഫിക്കറ്റുകളുടെ അപേക്ഷകൾക്ക് ഏകീകൃത സ്വഭാവവും രൂപവും കൈവന്നിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റുകൾ കൃത്യമായ രൂപത്തിൽ ഡിജിറ്റൽ ഒപ്പോടുകൂടി നൽകുവാനും സാധിക്കുന്നുണ്ട്. സർട്ടിഫിക്കറ്റുകളുടെ പരിശോധനയും ഓൺലൈനിൽ നടത്താവുന്നതാണ്. |
| (സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) ജനങ്ങൾക്ക് വില്ലേജ്/താലൂക്ക് ആഫീസുകളിൽ പോകാതെ തന്നെ അക്ഷയ സെന്റർ വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതും, അപേക്ഷയിൻമേൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിലോ, അംഗീകരിക്കുന്ന മുറയ്ക്കോ, കക്ഷിയ്ക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പ് ലഭ്യമാക്കുകയും അക്ഷയ സെന്ററിൽ നിന്നു തന്നെ സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | എല്ലാ തഹസിൽദാർ/ വില്ലേജാഫീസർമാർക്കും ലാപ്ടോപ്പ്/ ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ നൽകുകയും ഇതിനായി തയ്യാറാക്കിയിട്ടുള്ള ഇ-ഡിസ്ട്രിക്റ്റ് സോഫ്റ്റ് വെയറിൽ പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ